# കേരള കാർഷിക സർവ്വകാലശാല

**കാർഷിക കോളേജ്, പടന്നക്കാട്.പി.ഒ,**

**കാസറഗോഡ് ജില്ല- പിൻ:671314**

**നമ്പർ:ഇ2-5577/2019** **തീയ്യതി:15.06.2023**

## ദർഘാസ് പരസ്യം

പടന്നക്കാട് കാർഷിക കോളേജിലേക്ക് മൂത്തു പഴുത്ത മാങ്ങകളിൽ നിന്ന് ശേഖരിച്ച മുളപ്പിക്കാൻ അനുയോജ്യമായ ഗുണമേന്മയുള്ള **മാങ്ങയണ്ടികൾ (ഒരു ലക്ഷം എണ്ണം)** കരാർ പ്രകാരം എത്തിച്ചു തരാൻ താത്പര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. പാകമാകാത്ത മാങ്ങകളിൽ നിന്നുള്ള മാങ്ങയണ്ടികൾ നിരസിക്കപ്പെടുന്നതാണ്.

താത്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ മാങ്ങയണ്ടികൾ കേന്ദ്രത്തിൽ എത്തിച്ചു നൽകുന്നതിനുള്ള നിരക്ക് **ഒരു എണ്ണത്തിന് എത്ര** എന്ന് കൃത്യമായി രേഖപ്പെടുത്തിയ ദർഘാസുകൾ വെള്ളക്കടലാസിൽ എഴുതി കവറിൽ അടക്കം ചെയ്ത് ഡീൻ, കാർഷിക കോളേജ്, പടന്നക്കാട് പി.ഒ., കാസറഗോഡ് പിൻ - 671314 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. നികുതികൾ ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്. ചരക്കുകൂലിയും കടത്തുകൂലിയും കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.

ദർഘാസുകൾ അയക്കുന്ന കവറിന് പുറത്ത് **പടന്നക്കാട് കാർഷിക കോളേജിലേക്ക് മാങ്ങയണ്ടികൾ നൽകുന്നതിനുള്ള ദർഘാസ്** എന്നെഴുതണം. ദർഘാസിനോടൊപ്പം 1,000/- രൂപ നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതാണ്. ദർഘാസ് ഉറപ്പിക്കുന്ന കരാറുകാരൻ മൊത്തം തുകയുടെ 5 ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റും നൽകേണ്ടതാണ്.

ദർഘാസുകൾ സ്വീകരിക്കുന്ന **അവസാന തീയ്യതി 24.06.2023 ഉച്ചക്ക് ശേഷം 3.00 മണി** വരെയാണ്. അന്നു തന്നെ 3.30 മണിക്ക് ഹാജരുള്ള ദർഘാസുകാരുടെ സാന്നിധ്യത്തിൽ അവ തുറക്കുന്നതായിരിക്കും. ഏറ്റവും കുറഞ്ഞ നിരക്ക് എഴുതിയത് തൃപ്തികരമെന്ന് കണ്ടാൽ സ്വീകരിക്കുന്നതുമായിരിക്കും. വൈകി കിട്ടുന്നതും പൂർണ്ണമല്ലാത്തതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസ് ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് തുറന്ന് നടപടികൾ പൂർത്തികരിക്കുന്നതായിരിക്കും. ദർഘാസുകൾ സ്വീകരിക്കുന്നതിനും, മാറ്റിവെക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ഡീനിനായിരിക്കും. തൃപ്തികരമായ സപ്ലൈക്കുശേഷം സമർപ്പിക്കുന്ന ഇൻവോയ്സിന്റെ തുക ജെർമിനേഷൻ ടെസ്റ്റ് തുടങ്ങിയ നടപടികൾ പൂർത്തിയാക്കിയശേഷം ബാങ്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖാന്തിരം അനുവദിക്കുന്നതായിരിക്കും. വിജയിയായ കരാറുകാരൻ അറിയിപ്പ് കിട്ടി 14 ദിവസത്തിനകം മാങ്ങയണ്ടികൾ എത്തിക്കേണ്ടതാണ്. കരാർ നൽകുന്നതു മുതൽ ഒരു വർഷത്തേക്ക് കരാറിന് പ്രാബല്യമുണ്ടാകുന്നതായിരിക്കും.

ദർഘാസ് സംബന്ധിച്ച സർക്കാർ/സർവ്വകലാശാല നിബന്ധനകളെല്ലാം ഇതിനും ബാധകമായിരിക്കും. വിശദവിവരങ്ങൾക്ക് പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ അന്വേഷിക്കാവുന്നതാണ്.

ഫോൺ നമ്പർ: 0467 2280616.

ഒപ്പ്

**ഡോ.ടി സജിതാ റാണി**

ഡീൻ

സ്വീകർത്താവ്:-

1. നോട്ടീസ് ബോർഡ് (കോളേജ്/ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I & II)
2. കോളേജ് വെബ്സൈറ്റ്
3. വില്ലേജ് ഓഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട് സൗത്ത്)
4. മുനിസിപ്പൽ ഓഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട്)
5. പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്

**പകർപ്പ് :-** ഡോ.രേശ്മിക പി.കെ, അസിസ്റ്റന്റ് പ്രൊഫസർ

**// അംഗീകാരത്തോടുകൂടി അയക്കുന്നത്//**

സെക്ഷൻ ഓഫീസർ